**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1577** **12.06.2019 ൽ മറുപടിയ്ക്ക്**

**ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ്**

| **ചോദ്യം** | ഉത്തരം |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പഴം, പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>ബി) പ്രസ്തുത പ്രദേശത്തെയും സമീപപ്രദേശങ്ങളിലെയും കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പദ്ധതി പ്രവർത്തനം ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) പ്രസ്തുത പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും കർഷകരുടെ താല്പര്യങ്ങൾ മുൻനിർത്തി യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | എ) & ബി) & സി) പിറവം നിയോജക മണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പഴം- പച്ചക്കറി സംസ്കരണ യൂണിറ്റ് പദ്ധതി 2014- ൽ ആണ് ഉദ്ഘാടനം ചെയ്തത്. പദ്ധതിയ്ക്കായുള്ള കെട്ടിടത്തിന്റെ പണി 80% പൂർത്തീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ കീഴിലുള്ള സെന്റർ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ മേൽനോട്ടത്തിലാണ് പഴം- പച്ചക്കറി സംസ്കരണ യൂണിറ്റ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതു കൂടാതെ ഇലഞ്ഞി കൃഷി ഭവൻ പരിധിയിൽ ശ്രീ. ജോമി പോൾ എന്ന കർഷകന് പഴം, പച്ചക്കറി, മൂല്യവർദ്ധിത ഉത്പാദന യൂണിറ്റിന് പ്രോജക്ട് അനുമതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നൽകുകയും (പ്രോജക്ട് കോസ്റ്റ് 10 ലക്ഷം രൂപ), പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 40% ധനസഹായം (3,94,892/- രൂപ) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ 2018-19 പദ്ധതിയിൽ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**